കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാവൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ കാര്യാലയം
കോഴിക്കോട്
(ഇ-മെയിൽ – dokkd.ksad@kerala.gov.in)

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/1371/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ – ddlfakkd@yahoo.in
ഫോൺ – 0495/2371012
തീയതി – 04.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാവൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/1371/2017 തീയതി – 04.08.2017

# കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016മുതൽ 31-3-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.രാജൻ. സി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 6.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.എ.കെ.ബാലസുബ്രമണ്യൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.ഉണ്ണികൃഷ്ണൻ | അസി. ഓഡിറ്റ് ഓഫീസർ |
| കുമാരി.അഖില.വി | ഓഡിറ്റർ |
| ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മുനീറത്ത് | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ .എം.എ റഷീദ് | 1.4.2016മുതൽ 31.03.2017വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരൻ.ഇ | 1-4-2016 മുതൽ 31-3-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിസ്നി.എസ് | 1-4-2016 മുതൽ 27-9-2016 വരെ |
| | ശ്രീ.അനീഷ്.എസ് | 28-09-16 മുതൽ 31-03-17 വരെ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീമതി.അനിതാ ഭായ് | 1-4-2016മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ.ദീപ ജേക്കബ് | 1-4-2016 മുതൽ 17-9-2016 വരെ |
| | ഡോ.മിഥുല റോയ് | 18-09-16 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ടെസ്സി മെറിൻ | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റുമൈസ.പി.എം | 1-4-2016 മുതൽ 31-3-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിജി. | 01-04-2016 മുതൽ 24-12-2016 വരെ |
| | ശ്രീ.സുനിൽരാജ്.വി.ബി | 1-4-2016മുതൽ 21-12-2016 വരെ |

| | | |
|---|---|---|
| | ശ്രീ.വിനയൻ.സി.ഒ<br>ശ്രീ.റിജു.എം | 24-12-2016 മുതൽ 31-3-2017 വരെ<br>21-12-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.എം.എ ജയശ്രീ | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എം.മധു | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ആനി.ടി.എ | 1-4-2016 മുതൽ 31-3-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യ നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു. | 2-1 |
| 12 | സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല. | 2-2 |
| 13 | പ്രാദേശിക പരിശോധന നടത്താതെ പെർമിറ്റ് അനുവദിച്ചു. | 2-3 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് തനത് ഫണ്ട് തികയുന്നില്ല | 3-1 |
| 15 | പൊതു ടാപ്പുകളുടെ കരം അടവാക്കിയതിലെ അപാകതകൾ – സംബന്ധിച്ച് | 3-2 |
| 16 | തെരുവ് വിളക്ക് റിപ്പേർ – കരാറുകാരന് തുക നൽകിയപ്പോൾ നിയമാനുസൃത കുറവുകൾ വരുത്തിയില്ല. | 3-3 |

| | | |
|---|---|---|
| 17 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയത് – അപാകതകൾ സംബന്ധിച്ച് | 3-4 |
| 18 | പൊതു ശൗചാലയത്തിലെ വെള്ളക്കരം അടച്ചതിലെ – അപാകതകൾ | 3-5 |
| 19 | അസംസ്കൃത പദാർത്ഥങ്ങൾ ശരിയായ അളവിൽ ഉപയോഗിക്കാതെ റോഡ് നിർമ്മാണം നടത്തുന്നു. | 3-6 |
| 20 | ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് | 3-7 |
| 21 | വകുപ്പ് തലത്തിലെ സബ്സിഡി പരിഗണിക്കാതെ പാലിന് പരമാവധി തുക സബ്സിഡി നൽകുന്നു. | 3-8 |
| 22 | പ്രൊജക്ടിനായി തുക മറ്റ് സ്ഥാപനങ്ങൾക്ക് നൽകി – പൂർത്തീകരണ വിവരവും വിനിയോഗ വിവരവുമില്ല. | 3-9 |
| 23 | കന്നുകുട്ടി പരിപാലനം – മുഴുവൻ തുകയും വിനിയോഗിച്ചില്ല | 3-10 |
| 24 | സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരമുള്ള രേഖയില്ലാതെ ഗാർഹിക വാട്ടർ കണക്ഷന് തുക നൽകി | 3-11 |
| 25 | കുടിവെള്ളത്തിനായി സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുന്നില്ല – ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 3-12 |
| 26 | പത്ര പരസ്യത്തിന് നിരക്ക് അനുവദിച്ചതിലെ അപാകതകൾ | 3-13 |
| 27 | സാമൂഹിക സുരക്ഷാ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ | 3-14 |
| 28 | ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കാതെ സൂക്ഷിക്കുന്നു. | 3-15 |
| 29 | അംഗീകൃത ഏജൻസിയിൽ നിന്നും ബിറ്റുമിൻ വാങ്ങാതെ കരാറുകാരനിൽ നിന്നും വാങ്ങി | 3-16 |
| 30 | ആശ്രയ – മുമ്പ് പിൻവലിച്ച പ്ലാൻ ഫണ്ട് ഉപയോഗിക്കാതെ ചലഞ്ച് ഫണ്ടിൽ കിടക്കുന്നു. | 3-17 |
| 31 | ആശ്രയ പദ്ധതിയിലെ നിരാലംബരെ ഗ്രാമപഞ്ചായത്ത് പരിഗണിക്കുന്നില്ല. | 3-18 |
| 32 | മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി നൽകി – ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിച്ചില്ല | 3-19 |
| 33 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – മതിയായ തുക വകയിരുത്തുന്നില്ല. | 3-20 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 01.03.2016തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 2091092.81 |
| വരവ് | 171654400 |
| ആകെ | 173745492.81 |
| ചെലവ് | 171820200 |
| നീക്കിയിരിപ്പ് | 1925292.81 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 15.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4483873.81 |

| | |
|---|---|
| വരവ് | 71006567 |
| ആകെ | 75490440.81 |
| ചെലവ് | 69944056 |
| നീക്കിയിരിപ്പ് | 5546384.81 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11742588 | 9409590 | 9409590 | 0 | 80.13 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6985485 | 6985485 | 4859256 | 2126229 | 69.56 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 19050 | 19050 | 0 | 19050 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5055549 | 5055549 | 403568 | 4651981 | 7.98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3185733 | 3185733 | 2117808 | 1067925 | 66.47 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6585841 | 6585841 | 5318844 | 1266997 | 80.76 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1009629 | 1009629 | 1009629 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2592 | 50154577 | 50157169 | 50125117 | 32052 | 99.94 |
| ബി ഫണ്ട് | 0 | 3891865 | 38961865 | 38961865 | 0 | 100 |
| മറ്റുള്ളവ | 4072421.81 | 15525980 | 19598401.81 | 14702972 | 4895429.81 | 75 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 207 | 101 | 11 | 95 | 49 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.30.13ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2396921 | 4935972 | +2539051 | 106 |
| നികുതിയേതര വരവുകൾ | 1121794 | 1354317 | +232523 | 20.7 |
| മറ്റുവരവുകൾ | 8493081 | 9340236 | +847155 | 10 |
| ആകെ | 12011796 | 15630525 | +3618729 | 30.13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 545640 | 357 |
| കർഷകതൊഴിലാളി പെൻഷൻ | 5697720 | 641 |
| വിധവാപെൻഷൻ | 13687070 | 1308 |
| വാർദ്ധക്യകാലപെൻഷൻ | 14644115 | 1649 |
| വികലാംഗപെൻഷൻ | 3148770 | 344 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 873550 | 82 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2017, 10 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 457 രൂപ ബാലന്സിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/04/2017 മുതൽ 19/07/2017 വരെ | 02/2017 – 03/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/02/2016 മുതൽ 24/02/2016 വരെ | 2010-11 മുതൽ 2014-15 വരെ | എൽ.ബി.എ(എച്ച്.ക്യു)06/8എ-2396/414 തിയതി 23/03/2016 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യനിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.

ഡി ആന്റ് ഒ രജിസ്റ്റർ, വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ (form 6) എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിനുപയോഗിക്കുന്നതും പാർപ്പിടാവശ്യാർത്ഥം നികുതി ചുമത്തപ്പെട്ടവയുമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷാ നമ്പർ(ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം), അപേക്ഷകന്റെ പേര്, സ്ഥാപനം | കെട്ടിട നമ്പർ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം | വസ്തുനികുതി ( സഞ്ചയ അസസ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 85, വാഹിദ് മുനീർ, കിഴക്കേക്കണ്ടി, വുഡ് ഇൻഡസ്ട്രീസ് | 12/162 | പാർപ്പിടാവശ്യം 205 രൂപ |
| 2 | 96, ഇ.ടി.ജയൻ, കിഴവാറ്റുപറമ്പിൽ, സുവർണബേക്കറി | 13/8 | പാർപ്പിടാവശ്യം 386 രൂപ |

ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും പാർപ്പിടാവശ്യത്തിന് നികുതി ചുമത്തപ്പെട്ടവയും ആണ്. ടി കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റുന്നതിന് പഞ്ചായത്തിന്റെ അനുമതി നേടിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 8/16-17 തി. 3.7.17 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വെബ്സൈറ്റിൽ രേഖപ്പെടുത്തിയപ്പോൾ തെറ്റുപറ്റിയതാണെന്നും ഒക്യുപൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ അസസ്മെന്റ് പരിശോധിച്ച് ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള വസ്തുനികുതി ചുമത്തപ്പെട്ടവയാണെന്ന് ഉറപ്പുവരുത്തേണ്ടതും അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ കുറ്റമറ്റതാക്കേണ്ടതുമാണ്.ഒക്യുപൻസി മാറ്റാതെ കെട്ടിടം ഉപയോഗിക്കുന്ന ഉടമകളുടെ കാര്യത്തിൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## **2-2** സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 22 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടവാടക ഇനത്തിൽ 280976 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന് സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല. സ്ഥാവര വസ്തുക്കളുടെ വാടകയിൻമേൽ 15% സേവനനികുതി ഈടാക്കണമെന്നിരിക്കെ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നല്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സേവന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## **2-3** പ്രാദേശിക പരിശോധന നടത്താതെ പെർമിറ്റ് അനുവദിച്ചു.

പെർമിറ്റ് നമ്പർ 363/15-16 തി. 29.4.2016 പ്രകാരം എ.ടി.സി ടെലികോം ടവർ കോർപ്പറേഷൻ ലിമിറ്റഡിന് ടവർ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. സമീപവാസികളായ ശ്രീ. ശിവദാസൻ.സി.എം, ശ്രീ.സുഭാഷ്കുമാർ കെ എന്നിവരുടെ 20.5.2017 ലെ പരാതിയിൽ സൈറ്റിലേക്കുള്ള വഴി പൊതുവഴിയല്ലായെന്നും വസ്തുതാവിരുദ്ധമായ വിവരങ്ങൾ കാണിച്ചാണ് പ്ലാനും ലൈസൻസും തയ്യാറാക്കിയതെന്നും പറയുന്നു. ആയതിൽ ഓവർസിയർ വീണ്ടും അന്വേഷണം നടത്തി വഴി സ്വകാര്യ വ്യക്തികളുടെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 7,13 പ്രകാരം സൈറ്റിലേക്ക് സാധുതയുള്ള വഴി വേണമെന്നിരിക്കെ വേണ്ടത്ര പരിശോധന കൂടാതെ പെർമിറ്റ് അനുവദിക്കാനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

# ഭാഗം-**3**

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് തനത് ഫണ്ട് തികയുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ധനകമ്മി 1,00,07,744/- രൂപയാണ് (റവന്യ ഗ്രാന്റ് ഉൾപ്പെടെയുള്ള തുക). പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ നടത്താൻ പണം തികയാത്ത അവസ്ഥയാണ്. 2016-17 വർഷത്തെ സാമ്പത്തിക സ്ഥിതി താഴെ കൊടുക്കുന്നു. വാർഷിക കണക്ക് പ്രകാരം :- (തനത് ഫണ്ട് മാത്രം ഉൾപ്പെടുത്തി)

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | രൂപ | ഇനം | രൂപ |
| നികുതി വരവ് | 37,18,720 | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | 1,32,54397 |
| വാടക | 3,05,316 | ഭരണ നിർവ്വഹണ ചെലവുകൾ | 11,08,895 |
| ഫീസ് & യൂസർ ചാർജ്ജ് | 6,10,690 | മെയിന്റനൻസ്&ഓപ്പറേഷൻസ് | 23,73,451 |
| മറ്റ് വരവുകൾ | 2,36,710 | ബാങ്ക് പലിശ | 3,38,375 |
| പലിശ | 2,45,616 | | |
| പലവക- വരവ് | 55,041 | | |
| ആകെ | 51,72,093 | | |
| പൊതു ഉദ്ദേശ ഗ്രാന്റ് | 93,40,236 | | |
| ആകെ | 1,45,12,329 | ആകെ | 1,70,75,118 |

പഞ്ചായത്തിന്റെ തൻവർഷത്തെ തനത് വരവ് (നികുതി നികുതിയേതര വരുമാനം മുതലായവ) 51, 72,093 രൂപയാണ്. ഈ വർഷത്തിൽ സർക്കാരിൽ നിന്ന് ലഭിച്ച പൊതു ഉദ്ദേശ ഗ്രാന്റ് 93,40,236 രൂപയാണ്. ഇതുൾപ്പെടെയുള്ള വരവ് 1,45,12,329 രൂപയുമാണ്. എന്നാൽചെലവ് 1,70,75,118 രൂപയും. പൊതു ഉദ്ദേശഗ്രാന്റ് ഉൾപ്പെടാതെ കമ്മി 1,19,03,025 രൂപയും, ഗ്രാന്റ് ഉൾപ്പെടുത്തിയാൽ 25,62,789 രൂപയുമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് കൂടി ഉൾപ്പെടുത്തിയാലും ദൈനംദിന- ഭരണനിർവ്വഹണച്ചെലവുകൾ നടത്താൻ കഴിയാത്തത് വളരെ ഗുരുതരമായ സ്ഥിതി വിശേഷം ആണ്.സർക്കാർ ഗ്രാന്റിനെ ആശ്രയിച്ചാണ് ഗ്രാമപഞ്ചായത്തിന്റെ നിലനില്പ്.

ഈ ഒരു സ്ഥിതി വിശേഷത്തിലും 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് ഉൾപ്പെടുത്തി 73,69,918 രൂപയുടെ പ്രൊജക്ട് ഉണ്ടാക്കുകയും 30,05,942 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ. ഉ (എം എസ്) 4/2016തസ്വഭവ തി. 11.1.2016 ഖ. 7 (v) പ്രകാരം മുൻവർഷം വിനിയോഗിച്ച തനത് ഫണ്ടിന്റെ 15 % ൽ അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷത്തിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം മുൻകൂട്ടി ഹാജരാക്കേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സാക്ഷ്യപത്രം നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

ഈ അവസരത്തിലാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 5.5 കോടി രൂപ കെ യു ആർ ഡി എഫ് സി യിൽ നിന്ന് 11% പലിശ നിരക്കിൽ വായ്പയായി എടുത്തത്. ഇതിൽ 2,02,17600 രൂപ 2016-17 വർഷത്തിൽ വായ്പയായി എടുത്തിട്ടുണ്ട്. ഇതിന് പലിശയിനത്തിൽ പ്രതിവർഷം 60,50,000 രൂപ നൽകേണ്ടതുണ്ട്.(വായ്പ പൂർണ്ണമായി എടുത്താൽ) .ഈ വർഷത്തിൽ 3,37,579 രൂപ പലിശയിനത്തിൽ അടവാക്കിയിട്ടുണ്ട്. എടുത്ത വായ്പയ്ക്ക് പലിശയായി 22,23,936 രൂപ വർഷം തോറും അടവാക്കാനുണ്ടാകും.

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ധനസ്ഥിതി പരിഗണിക്കാതെയാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വായ്പയായി 5.5 കോടി വാങ്ങാൻ കരാർ ഉണ്ടാക്കിയത്. നിലവിലെ യഥാർത്ഥ തനതുവരുമാനം 51,72,093 രൂപയായിരിക്കെ വായ്പയുടെ പലിശ മാത്രം 60,50,000 രൂപ ഉണ്ടാകും. കൂടാതെ ശമ്പളമിനത്തിലെ ചെലവും, മറ്റ് ഭരണ നിർവ്വഹണ ദൈനംദിന ചെലവുകൾക്ക് സർക്കാർ നൽകുന്ന പൊതു ഉദ്ദേശ ഗ്രാന്റ് മാത്രം മതിയാവില്ല.

തനത് വരുമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതും, ഊർജിത നികുതി സമാഹരണം നടത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഗുരുതരമായ സാമ്പത്തികാവസ്ഥ സംബന്ധിച്ച വിവരം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പൊതു ടാപ്പുകളുടെ കരം അടവാക്കിയതിലെ അപാകതകൾ -സംബന്ധിച്ച്.

നിലവിൽ 287 ടാപ്പുകൾക്ക്, പ്രതി വർഷം ഒന്നിന് 5250 രൂപ വെച്ചാണ് കരം ഈടാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഉപയോഗിക്കാത്തതും കുടിവെള്ള പദ്ധതികളുടെ സേവനം ലഭിക്കുന്നതിനാൽ ആവശ്യമില്ലാത്തതുമായ 148ടാപ്പുകൾ ഒഴിവാക്കുന്നതിനും 139എണ്ണം നില നിർത്തുന്നതിനും തീരുമാനിച്ചു.(ഭരണ സമിതിയുടെ 26-05-16 ലെ 6/16-17 നംബർ തീരുമാനം)

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ 2016-17 വർഷത്തെ കരം അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | മാസം | അടവാക്കിയതുക | വൗച്ചർ നം തിയതി | രസീതി നം തിയതി | അടവാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| 1 | ഏപ്രിൽ | 125563 | 21600109/29-04-16 | 1093359/29-04-16 | 125563 |
| 2 | മെയ് | 125563 | 21600177/23-05-16 | 1093382/23-05-16 | 125563 |
| 3 | ജൂൺ | 125563 | 21600285/22-06-16 | 1094125/22-06-16 | 60813 |
| 4 | ജൂലൈ | 125563 | 21600406/28-07-16 | 1094173/28-07-16 | 60813 |
| 5 | ആഗസ്ത് | 125563 | 21600515/29-08-16 | 0860419/29-08-16 | 60813 |
| 6 | സപ്തംബർ | 125563 | 21600621/28-09-16 | 0860453/28-09-16 | 60813 |
| 7 | ഒക്ടോബർ | 125563 | 21600736/27-10-16 | 0860479/27-10-16 | 60813 |
| 8 | നവംബർ | 125563 | 21600843/30-11-16 | 08611123/30-11-16 | 60813 |
| 9 | ഡിസംബർ | 125563 | 21600938/29-12-16 | 0861164/30-12-16 | 60813 |
| 10 | ജനുവരി | 125563 | 21601089/28-01-17 | 0861269/31-01-17 | 60813 |
| 11 | ഫെബ്രുവരി | 125563 | 21601197/25-02-17 | 0861362/28-02-17 | 60813 |
| 12 | മാർച്ച് | 125563 | 21601349/28-03-17 | 0861564/29-03-17 | 60813 |
| ആകെ | | 1506756 | | | 859256 |
| അധികമായി അടവാക്കിയത് | | | | | 647500 |

2016 ജൂൺ മുതൽ പ്രതിമാസം 64750/-രൂപ അധികം അടവാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അധികമായി അടവാക്കിയ 647500/- നിരാകരിക്കുന്നു.

## 3-3 തെരുവ് വിളക്ക് റിപ്പേർ - കരാറുകാരന് തുക നൽകിയപ്പോൾ നിയമാനുസൃത കുറവുകൾ വരുത്തിയില്ല.

പ്രോജക്ട് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ 84/17

അടങ്കൽ 500000/- വികസന ഫണ്ട് (FC grant)

നിർവ്വഹണം - സെക്രട്ടറി

ചെലവ് - 150000 22/16-17 27.1.17

250000 31/16-17 3.3.17

400000

പഞ്ചായത്തിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ സി.പി.ബിജു, സ്റ്റാർ ഇലക്ട്രിക്കൽസ്, കല്പത്തൂർ എന്ന കരാറുകാരനാണ് തൻവർഷത്തെ പ്രവൃത്തി നൽകിയത്. വർഷാവസാനം കരാറുകാരൻ 536000/- രൂപയുടെ ബിൽ നൽകിയതിൽ രണ്ടു ഗഡുക്കളായി 4 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയതിൽ നിന്നും സർക്കാരിലേക്ക് അടവാക്കേണ്ട വാറ്റ്, ആദായ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

ആകെയുള്ള തെരുവു വിളക്കുകളുടെ എണ്ണം കെഎസ്ഇബി സാക്ഷ്യപ്പെടുത്തി നല്കിയിട്ടില്ല. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചുവെന്നതിന് മോണിട്ടറിംഗ് നടത്തിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 400000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-4 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയത് - അപാകതകൾ -സംബന്ധിച്ച്

പ്രൊജക്റ്റ് നം 108/17

അടങ്കൽ തുക. 600000

ചെലവു തുക. 600000 ബിൽ നം. 1/16-17

തിയതി. 28/10/16

ഔഷധിയിൽ നിന്ന് 08/11/2016 ന്ന് 1736 നമ്പർ ഇൻവോയിസ് പ്രകാരം ലഭിച്ച നാൽപാമരാദി തൈലം എന്ന മരുന്നിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | കോഡ് | മരുന്നിന്റെ പേര് | യൂനിറ്റ് | എണ്ണം | റേറ്റ് | ആകെ തുക |
|---|---|---|---|---|---|---|
| 22 | T25 | Nalpamaradi Thylam T25-3 | 450 ml | 60 | 162 | 9720 |

സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് 43 ൽ ചേർത്ത വിവരങ്ങൾ

| തിയതി | മരുന്നിന്റെ പേര് | അളവ് | ഇൻവോയിസ് | റേറ്റ് | ആകെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 10.11.16 | Nalpamaradi Thylam T25-3 | 450 ml x 24 | 1736/08-11-16 | 162 | 3888 |

സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്തിട്ടില്ലാത്ത മരുന്നിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| അളവ് | റേറ്റ് | ആകെ തുക |
|---|---|---|
| 450ml x36 | 162 | 5832 |

ലഭിച്ച മരുന്നുകൾ പൂർണ്ണമായും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൽക്വയറിക്ക് നൽകിയ മറുപടിയിൽ ടി മരുന്ന് ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ലാത്തതു കൊണ്ടാണ് സ്റ്റോക്കിൽ ചേർക്കാത്തത് എന്നും, ഇക്കാര്യം ഔഷധിയിൽ ടെലിഫോൺ മുഖാന്തിരം അറിയ്ച്ചതായും അറിയ്ച്ചു. മറുപടി തൃപ്തികരമല്ല. മരുന്ന് ഔഷധിയിൽ നിന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർക്കുന്നത് വരെ ചെലവു തുക 5832/- നിരാകരിക്കുന്നു.

## 3-5 പൊതു ശൗച്യാലയത്തിലെ വെള്ളക്കരം അടച്ചതിലെ അപാകതകൾ

പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിലെ പൊതു ശൗച്യലയത്തിലെ വെള്ളക്കരം അടച്ചതുമായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

2014 ഡിസംബർ മുതൽ 2016 ആഗസ്റ്റ് വരെ ഈ കണക്ഷന് കരം അടവാക്കിയിട്ടില്ല. 2016 ആഗസ്റ്റ് 04 ന് കിട്ടിയ 19884244 നമ്പർ ബില്ലിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

കൺസ്യൂമർ നം MVR/214/N

മുൻ ബിൽ അഡ്ജസ്റ്റ്മെന്റ് -3680

പിഴ 4766

കുടിശ്ശിക 45977

മീറ്റർ വാടക 10-

ആകെ അഡീഷനൽ 46893

ദ്വൈമാസ വാടക 8338

ആകെ 55231/-

06/09/16 ന് സെക്രട്ടറി , ഭരണ സമിതിയിൽ ഇതുമായി ബന്ധപ്പെട്ട് കുറിപ്പ് സമർപ്പിക്കുകയും ജല അതോറിറ്റിയുടെ വീഴ്ച്ചയായതിനാൽ ബില്ലിൽ പിഴ പലിശ ഈടാക്കിയിട്ടില്ല എന്നറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 8-ാം നമ്പർ തീരുമാന പ്രകാരം പണം അടക്കാൻ സെക്രട്ടറിക്ക് അനുവാദം നൽകുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1) പിഴയായി 4766/- ബില്ലിൽ രേഖപ്പെടുത്തിയിട്ടും ,പിഴ ഉൾപ്പെടുത്തിയില്ല എന്ന് ഭരണ സമിതിയെ അറിയിക്കാനുണ്ടായ കാരണം.

2. ഏതെങ്കിലും കാരണവശാൽ ജല അതോറിറ്റിയുടെ ബിൽ ലഭിക്കാതെ വന്നാൽ അതോറിറ്റിയുമായി ബന്ധപ്പെടണമെന്ന് ബില്ലിന്റെ പിറക് വശം ഉപഭോക്താക്കൾക്കുള്ള ആറാമത്തെ നിർദേശമായി കൊടുത്തിട്ടുണ്ട്. കരം അടക്കുക എന്നത് ഉപഭോക്താവിന്റ ബാധ്യത ആണ് എന്നിരിക്കെ ബിൽ ലഭിക്കാത്തതിനെ കുറിച്ച്

അന്വേഷണം നടത്തിയില്ല .

3) ഈ കണക്ഷന്റെ 2016 സപ്തംബർ മുതൽ 2017 ജൂൺ വരെ (10 മാസം)യുള്ള കരം അടക്കാത്തതിന്റെ കാരണം പിഴയായി അടവാക്കിയ 4766 നിരാകരിക്കുന്നു .

## 3-6 അസംസ്കൃത പദാർത്ഥങ്ങൾ ശരിയായ അളവിൽ ഉപയോഗിക്കാതെ റോഡ് നിർമ്മാണം നടത്തുന്നു.

പ്രൊജക്റ്റ്- മൊടോങ്ങൽ മീത്തൽ കോളനി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്

പ്രൊജക്റ്റ് നം- 32/16 & 9/17

അടങ്കൽ- 1,50,000 രൂപ (വികസന ഫണ്ട്- എസ് സി പി-)

അളവ് ബുക്ക് നം- 170/16

കൺവീനർ- ശ്രീ ബിജീഷ് സി കെ, S/O കുഞ്ഞാപ്പു.

കരാർ നം- 34/15-16തി. 4.3.2016

പ്രവൃത്തി മൂല്യം- 1,50,000രൂപ.

ബിൽ നം, തുക- 1,50,000രൂപ. (154/ dtd. 17.01.2017)

സാങ്കേതികാനുമതി AEE/KBP/ 761/15-16 dtd. 28.9.2015 Rs. 1,50,000

ഗ്രാമപഞ്ചായത്തിലെ മൊടോങ്ങൽ മീത്തൽ കോളനി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നിവ 55 മീറ്റർ ചെയ്യുന്നതിന് ആവശ്യമായ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി തന്നെയാണ് ചെയ്തത്.

എം ബുക്ക് പ്രകാരം ഉപയോഗിച്ച മെറ്റീരിയൽ (MAS- Page no. 25) താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്റ്റാക്ക് ചെയ്തത് | ഉപയോഗിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 63- 45 mm metal | 15.86 cum | 15.29 cum | 0.57 cum |
| 2 | 53- 22.4 mm metal | 16.87 | 15.29 | 1.58 cum |
| 3 | Red earth | 3.6 | 3.02 | 0.58 cum |
| 4 | 11.2 mm metal | 8.1 | 6.38 | 1.72 cum |

| | | | | |
|---|---|---|---|---|
| 5 | 13.2 " " | 3.3 | 3.02 | 0.28 cum |
| 6 | 6.7 mm | 2.0 | 1.51 | 0.49 cum |
| 7 | Bitumen | 647.2 Kg | 532.56 Kg | 114.64 Kg |

പ്രസ്തുത പ്രവൃത്തിക്കായി 1,50,000 രൂപയാണ് ചെലവഴിച്ചത്. എന്നാൽ ഗുണഭോക്തൃകമ്മിറ്റി കൺവീനർ സമർപ്പിച്ച വരവ് ചെലവ് കണക്ക്, വൗച്ചറുകൾ എന്നിവയിൽ 1,55,800 രൂപ ചെലവഴിച്ചതായി കാണുന്നു. ഇതിൽ ഓരോ ഇനത്തിനായി ചെലവഴിച്ച തുകയും വാങ്ങിയ മെറ്റീരിയലും താഴെ ചേർക്കുന്നു :-

Manhakot Tipper services എന്ന സ്ഥാപനത്തിൽ നിന്നാണ് മെറ്റിരിയൽ ഇറക്കിയത്. ബിൽ നം. 292 തി. 2.5.2016

| ക്രമ നം | ഇറക്കിയ തിയ്യതി | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | 8.4.2016 | Red earth | 9 load | 750/load | 6750 |
| 2 | Do | 63 mm – 45 mm gr. metal | 625 cuf | 34/ft | 21250 |
| 3 | ';; | 11.2 mm metal | 300 cuf | 42/ft | 12600 |
| 4 | 18.4.2016 | 53 mm – 22.4 mm | 675 cuf | 36/ft | 24300 |
| 5 | | 13.2 mm metal | 125 cuf | 42/ft | 5250 |
| 6 | | 6.7 mm metal | 75 cuf | 42/ft | 3150 |
| | | Total | | | 73300 |

ഗുണഭോക്തൃ സമിതി വഴി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, ഗുണഭോക്തൃ സമിതിയ്ക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് നൽകേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയിൽ ഓരോ ഇനങ്ങളിലും ചെലവായ തുക താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | എം ബുക്ക് പ്രകാരം ആവശ്യമായത്(cuf) | ഇറക്കിയത് | അധികം | നിരക്ക് / ഒരു ഫൂട്ടിൽ | ആകെ തുക |
|---|---|---|---|---|---|---|
| 1 | 63 mm – 45 mm gr. metal | 539. 88 | 625 cuf | 85.12 | 34/ft | 2894.08 |
| 2 | 11.2 mm metal | 225.28 | 300 cuf | 74.72 | 42/ft | 3138.24 |
| 3 | 53 mm – 22.4 mm | 539.89 | 675 cuf | 135.11 | 36/ft | 4863.96 |
| 4 | 13.2 mm metal | 106.63 | 125 cuf | 18.37 | 42/ft | 771.54 |
| 5 | 6.7 mm metal | 53.32 | 75 cuf | 21.68 | 42/ft | 910.56 |
| 7 | Bitumen | 532.56 kg | 780 kg | 247.44 | 43.58/kg | 10783.45 |

| | | | | | | |
|---|---|---|---|---|---|---|
| | Total | | | | | 23361.83 |

ഗുണഭോക്തൃ കമ്മറ്റി ഈ പ്രവൃത്തിക്കായി ആകെ ചെലവഴിച്ചത് 155800 രൂപയാണ്. ഈ തുകയിൽ അധികം ഇറക്കിയ മെറ്റീരിയലിന്റെ തുകയായ 23361.83 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ യഥാർത്ഥത്തിൽ ചെലവായ തുക 132,438.17 രൂപയാണ്(155800- 23361.83). ഇപ്രകാരം കൺവീനർക്ക് അർഹതപ്പെട്ട തുക 132,438.17 രൂപയാണ്. എന്നാൽ കൺവീനർക്ക് നൽകിയ തുക (നികുതി കുറച്ച് )138679 രൂപയാണ്. ഇതുപ്രകാരം കൺവീനർക്ക് അധികം നൽകിയ തുക 6241 രൂപയാണ്. കൺവീനർക്ക് തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ തുക ഉത്തരവാദപ്പെട്ട എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-7 ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് -സംബന്ധിച്ച്.

നിർവ്വഹണം -മെഡിക്കൽ ഓഫീസർ

പ്രോജക്റ്റ് നമ്പർ – 52/16-17

അടങ്കൽ - 150000/- ചെലവ് -150000/-

ബിൽ നം. – 1/16-17

തിയതി – 23/02/17

1) ഹോമിയോ ഡിസ്പെൻസറിയിലെക്ക് മരുന്നുകൾ വാങ്ങുന്നതിനായി 150000/- രൂപ 23/2/17 ന് കെ.എസ്.എച്ച്.സി.പി ലിമി.(ഹോംകോസ്) കൈമാറിയതായി കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്,എന്നാൽ ഇതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കെ.എസ്.എച്ച്.പി.സി ലിമി. ക്ക് മുൻകൂർ പണം നൽകിയെങ്കിലും അവരുമായി കരാർ ഒപ്പ് വെച്ചിട്ടില്ല.
3) മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവുതുക 150000/- തടസ്സപ്പെടുത്തുന്നു.

## 3-8 വകുപ്പ് തലത്തിലെ സബ്സിഡി പരിഗണിക്കാതെ പാലിന് പരമാവധി തുക സബ്സിഡി നൽകുന്നു.

പ്രോജക്റ്റ് 211/17 പാലിന് സബ്സിഡി

അടങ്കൽ 300000 ബ്ലോക്ക് വിഹിതം, 100000 വികസനഫണ്ട്

നിർവ്വഹണം ഡയറിഫാം ഇൻസ്ട്രക്റ്റർ

ചെലവ് 300000 ചെക്ക് നം ലഭ്യമാക്കിയില്ല

100000 1/16-17 31.3.17.

ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് നിശ്ചിത തുക സബ്സിഡിയായി നൽകുന്നതിനാണ് പ്രോജക്റ്റ് 4 ഉത്തരവ്യ പ്രകാരം ആയത് ലിറ്ററിന് 3 രൂപയായിരുന്നു. എന്നാൽ 7.1.2017 ലെ സ.ഉ(സാധാ)50/2017/തസ്വഭവ ഉത്തരവ്യ പ്രകാരം അത് ലിറ്ററിന് പരമാവധി 4 രൂപയാക്കി. വകുപ്പിൽ നിന്നും മറ്റ

തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഉള്ള ആകെ നൽകാവുന്ന സബ്സിഡി തുകയാണ് ഇത്. വകുപ്പിൽ നിന്നും 1 രൂപ സബ്സിഡി നൽകുന്നുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയതിന് ആനുപാതികമായി നല്കിയാൽ മതി. എല്ലാ സബ്സിഡിയും ചേർത്താൽ ലിറ്ററിന് 4 രൂപയിൽ അധികമാകരുത്. മാവൂർ ക്ഷീരസംഘം വഴി പാലളന്ന കർഷകർക്ക് 2016 സെപ്റ്റംബർ വരെ ലിറ്ററിന് 3 രൂപ നിരക്കിലും (74403.50 ലിറ്ററിന് 223210/-രൂപ) സെപ്റ്റംബറിനു ശേഷം പരമാവധി തുകയായ ലിറ്ററിന് 4 രൂപ നിരക്കിലും സബ്സിഡി നല്കിയിട്ടുണ്ട്.(54871 ലിറ്ററിന് 219484/-) (ആകെ തുക 442694 രൂപ 400000 രൂപയിൽ പരിമിതപ്പെടുത്തി) എന്നാൽ വകുപ്പിൽ നിന്നും സബ്സിഡി നല്കിയിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല. ക്ഷീരസംഘം നല്കിയ പാലിന്റെ കണക്ക് പരിശോധിച്ച് സബ്സിഡി കണക്കാക്കി കർഷകരുടെ അക്കൗണ്ടിലേക്കാണ് നല്കേണ്ടത് എന്നിരിക്കെ ക്ഷീര സംഘം നല്കിയ കണക്കുകൾ അതേ പടി അംഗീകരിച്ച് ക്ഷീരസംഘങ്ങൾക്കാണ് തുക നല്കിയത്. ക്ഷീരസംഘം നല്കിയ കണക്കിൽ പലതവണ വെട്ടിത്തിരുത്തലുകൾ നടത്തിയിട്ടുണ്ട്. പല ഗുണഭോക്താക്കളുടെയും ബാങ്ക് അക്കൗണ്ട് നമ്പറുകൾ ക്ഷീര സംഘം നല്കിയ ലിസ്റ്റിലില്ല. ആയതു കൊണ്ടു തന്നെ സബ്സിഡി തുക അർഹരായവർക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറിയതിന് ബാങ്ക് അധികൃതമാക്കിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 പ്രോജക്ടിനായി തുക മറ്റ് സ്ഥാപനങ്ങൾക്ക് നൽകി - പൂർത്തീകരണ വിവരവും വിനിയോഗ വിവരവുമില്ല

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരവും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് /നിർവ്വഹണം | തുക ലഭിച്ച സ്ഥാപനം | തുക | ബിൽ നം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഐഎവൈ വിഹിതം 237/17 അസി സെക്രട്ടറി | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 550000 | 4/16-17 2.3.17 | എത്ര ഗുണഭോക്താക്കൾ കരാർ വച്ചുവെന്നോ അവരിൽ എത്ര പേർക്ക് തുക നൽകിയെന്നോ ഉള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ വിവരമില്ല. ഔദ്യോഗിക രശീതിയില്ല |
| 2 | ഐഎവൈ വിഹിതം (എസ് സി പി) 201/17 അസി സെക്രട്ടറി | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 300000 | 2/16-17 23.1.17 | -ടി- |
| 3 | തെരുവു നായ്ക്കൾക്ക് വന്ധ്യംകരണം 204/17 വെറ്ററിനറി സർജ്ജൻ | ജില്ലാ പഞ്ചായത്ത് കോഴിക്കോട് | 200000 | 2/16-17 23.2.17 | വിനിയോഗ വിവരമില്ല |
| 4 | സ്ട്രീറ്റ് ടാപ്പ് ഡിസ്കണക്ഷൻ 83/17 സെക്രട്ടറി | കേരളാ വാട്ടർ അതോറിറ്റി | 120000 | DD 164953, DD 164954 തി. 27.10.16 | സംയുക്ത പരിശോധനയിൽ ഉപ യോഗശൂന്യമായി കണ്ട 148 ടാപ്പ കളുടെ ഡിസ്കണക്ഷനുള്ള തുക എസ്റ്റി മേറ്റ് കരാർ എന്നിവയുണ്ട്. കരാർ പ്രകാരം പ്രവൃത്തി 2017 മാർച്ച് 31 ന് അവസാനിക്കേണ്ട തായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | 1170000 | | |

അപാകതയുടെ അടിസ്ഥാനത്തിൽ 1170000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 കന്നുകുട്ടി പരിപാലനം - മുഴുവൻ തുകയും വിനിയോഗിച്ചില്ല

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലനം 92/17

അടങ്കൽ - 250000 വികസന ഫണ്ട്

6250 തനത് ഫണ്ട്

256250 സംസ്ഥാന ഫണ്ട്

512500 ഗുണഭോക്തൃ വിഹിതം

1025000

ചെലവ് 250000 ബിൽ 1/16-17 29.12.16

6250 ചെക്ക് നം. 581288/31.1.17

ഗ്രാമപഞ്ചായത്തിലെ 41 ഗുണഭോക്താക്കൾക്ക് വേണ്ടി പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായാണ് 256250 രൂപ കാഫ് ഫീഡ് അസി ഡയറക്ടർക്ക് ഡിഡി നം. 379917/27.12.16, 117267/31.1.17 എന്നിവ പ്രകാരം അയച്ചു കൊടുത്തിട്ടുണ്ട്. കാഫ് ഫീഡ് അസി ഡയറക്ടർ എ443/16 29.6.17 പ്രകാരം നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ വിനിയോഗം കാണിച്ചത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ സബ്സിഡി | 512500 |
| പഞ്ചായത്ത് വിഹിതം | 256250 |
| വിനിയോഗിച്ച സബ്സിഡി | 51466 |
| ട്രെയിനിങ്ങ് മുൻകൂർ | 4100 |
| ഇൻഷൂറൻസ് | 10742 |
| മാനേജേരിയൽ സബ്സിഡി | 369 |
| ആകെ സബ്സിഡി | 66677 |
| വിനിയോഗിക്കാത്ത സബ്സിഡി | 445823 |

ഗുണഭോക്തൃവിഹിതം പിരിച്ചതിനെക്കുറിച്ചോ ചെലവഴിച്ചതിനെക്കുറിച്ചോ മേൽ സാക്ഷ്യപത്രത്തിൽ

പരാമർശിക്കുന്നില്ല. 445823/- രൂപയും ഗുണഭോക്തൃവിഹിതമായി പിരിക്കേണ്ട 512500 രൂപയും ചെലവഴിക്കാനവശേഷിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ പുരോഗതിയെക്കുറിച്ചുള്ള വിലയിരുത്തൽ ലഭ്യമായിട്ടില്ല. മേൽ വിവരങ്ങളുടെ അഭാവത്തിൽ 256250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരമുള്ള രേഖയില്ലാതെ ഗാർഹിക വാട്ടർ കണക്ഷന് തുക നല്കി

പ്രോജക്റ്റ് ഗാർഹിക വാട്ടർ കണക്ഷൻ ജനറൽ 45/17

അടങ്കൽ 24000 വികസന ഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്)

നിർവ്വഹണം സെക്രട്ടറി

ചെലവ് 4000/- 25/16-17/27.1.17

ചെമ്പ്രക്കുഴി ശിവദാസൻ എന്നവർക്ക് 4000/- രൂപ ഗാർഹിക വാട്ടർ കണക്ഷന് വേണ്ടി മേൽ ബിൽ പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. 11.1.16 ലെ ജിഒ (എംഎസ്) 4/2016/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50000 രൂപ വരുമാന പരിധിക്ക് വിധേയമായി മാത്രമേ മേൽ സബ്സിഡി അനുവദിക്കാവൂ. എന്നാൽ വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 4000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 കുടിവെള്ളത്തിനായി സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുന്നില്ല- ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല - പണം ചെലവഴിച്ചുവെന്നല്ലാതെ ഒരു പ്രയോജനവും ഉണ്ടാവുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ പൊൻപറക്കരായിൽ കുടിവെള്ള പദ്ധതി 2012- 13 വർഷത്തിൽ ആണ് ആരംഭിക്കുന്നത്. ഇതിന്റെ വിശദാംശം ചുവടെ :-

| | |
|---|---|
| പ്രൊജക്റ്റ് നം (ബഹുവർഷം- 2വർഷം) | 157/13 |
| അടങ്കൽ | 8,80,000 |
| ലോകബാങ്ക് - ധനസഹായം | 4,80,000 |
| ധനകാര്യ കമ്മീഷൻ | 4,00,000 |

പ്രവൃത്തി നിർവ്വഹണത്തിനായി ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിക്കുകയും ശ്രീ ടി ശങ്കരൻ നായർ, സ്മിതാലയം കൺവീനറായി കരാർ ഏല്പിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് താഴെ :-

Pumping main and distribution- 697,701

Pump house - 120,834

Unforeseen items- 61,565

Total- 8,80,000

23. 5.2013 ന് പൈപ്പിടലിന്റെ ആദ്യഘട്ടം പൂർത്തിയാക്കി പാർട് ബിൽ കൈപ്പറ്റി.

പ്രവൃത്തി, തുടർ വർഷത്തിൽ പൂർത്തിയാക്കാത്തതിനാൽ സ്പിൽ ഓവർ ആവുകയും നിർമ്മാണം നടത്തുകയും ചെയ്തു. തുടർ വർഷങ്ങളിലെ പ്രൊജക്റ്റ് ഇവയാണ്. 225/2014; 180/2015; 163/2016; 2017 വർഷം വരെ ഇവ സ്പിൽ ഓവർ

ആയി തുടർന്നു.

2014- 15 വർഷം ഇതിന് സമാന്തരമായി 2,00,000 രൂപ അടങ്കലിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ട് ഉണ്ടാക്കി (നം. 125/15)

| | |
|---|---|
| പൈപ്പ് ലൈൻ സ്ഥാപിക്കൽ- | 1,00,000 |
| പമ്പ് സെറ്റ് സ്ഥാപിക്കൽ- | 50,000 |
| വൈദ്യുതി ലൈൻ- | 50,000 |
| ആകെ- | 2,00,000 |

പ്രൊജക്ടിൽ ഇവയാണ് കാണിച്ചതെങ്കിലും വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട ഒരിനത്തിനും തുക വകയിരുത്തിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴും ഈ ഇനത്തിന് തുക വകയിരുത്തിയില്ല. ഈ പ്രൊജക്ട് സ്പിൽ ഓവർ ആയി. നമ്പറുകൾ 155/2016 & 12/2017 .

മറ്റപാകതകൾ ഇവയാണ്

1) 2012- 13 ൽ ആരംഭിച്ച പ്രവൃത്തിക്ക് 2 ഘട്ടങ്ങളിലായി പ്രൊജക്ട് തയ്യാറാക്കിയെങ്കിലും എല്ലാ ഇനത്തിനും തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ പദ്ധതി ഓഡിറ്റ് സമയം വരെ പൂർത്തിയായിട്ടില്ല. (6.7.2017).

2) ഒരു പദ്ധതിക്കായി 7 പ്രൊജക്ടുകൾ ഉണ്ടാക്കേണ്ടി വന്നു. ഇതിനാൽ സമയ നഷ്ടവും ധനനഷ്ടവും ഉണ്ടായി.

3) വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ 2017- 18 വർഷത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത്. (നം. 95/2018 ; 35,000 രൂപ അടങ്കൽ)

4) പമ്പ് സെറ്റ് റെയ്ഡ്കോയിൽ നിന്ന് 24.3.2015 ന് വാങ്ങിയത്. ഓഡിറ്റ് സമയം വരെ വൈദ്യുതി ലഭ്യമാക്കി പ്രവർത്തിക്കാത്തതിനാൽ വാറന്റി കാലാവധി കഴിയുകയും പിന്നീടുണ്ടാകുന്ന തകരാറിന് റെയ്ഡ്കോ ഉത്തരവാദി അല്ലാതാവുകയും ചെയ്തു.

2013- 14, 2014-15; 2015-16; 2016-17 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലോകബാങ്ക് ഫണ്ട്, ധനകാര്യ കമ്മീഷൻ ധനസഹായം എന്നിവയിൽ നീക്കിബാക്കിയുണ്ടായതിന്റെ വിശദാംശം ചുവടെ :-

| ലോകബാങ്ക് ധനസഹായം | | | | |
|---|---|---|---|---|
| വർഷം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| 2012-13 | 4287 | 2257000 | 2261287 | 1816213 |
| 2013-14 | 1816213 | 2468000 | 4187596 | 96617 |
| 2014-15 | 96617 | 2979000 | 96617 | 2979000 |
| 2015-16 | 2979000 | - | 1969471 | 1009629 |
| 2016-17 | | 1009629 | 1009629 | |
| ധനകാര്യകമ്മീഷൻ ധനസഹായം | | | | |
| 2012-13 | 238100 | 3910548 | 3481869 | 666779 |
| 2013-14 | 666779 | 4565477 | 3897025 | 1335231 |
| 2014-15 | 1335231 | 69091027 | 4601429 | 3642904 |
| 2015-16 | 3642904 | 4277736 | 4485672 | 3434968 |
| 2016-17 | | 6585841 | 5318844 | 1266997 |

ഈ വർഷങ്ങളിൽ മുകളിൽ പറഞ്ഞ പ്രകാരം ഫണ്ട് ലഭ്യമായിട്ടും 2012- 13 വർഷത്തിൽ തുടങ്ങിയ പദ്ധതി, സമഗ്രമായ പ്രൊജക്ട് തയ്യാറാക്കാതെ നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ഉപയോഗം ലഭിക്കാതിരിക്കുകയും, മുൻ വർഷങ്ങളിലെ സർക്കാർ ഗ്രാന്റിന് ഉപയുക്തത ഉണ്ടാകാതിരുക്കുകയുമാണ് ഇതിന്റെ ആത്യന്തിക ഫലം. പ്രൊജക്ടുകൾ ഉണ്ടാക്കുമ്പോൾ സമഗ്രമായ കാഴ്ചപ്പാട് ഉണ്ടാക്കുകയും ഗുണഭോക്താക്കൾക്ക് പരമാവധി വേഗത്തിൽ ഗുണം ലഭ്യമാക്കുകയുമാണ് വേണ്ടത്. ഓരോ പ്രൊജക്ടും നിരവധി വർഷങ്ങളിൽ തുടരുന്നത് കൊണ്ട് ജീവനക്കാർക്ക് അമിത ജോലിഭാരവും ഉണ്ടാകുന്നു. 2016-17 വർഷത്തിൽ 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 1603 520 225 01120/ 22.3.2017 2,00,000 രൂപ)പദ്ധതി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 2,00,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-13 പത്ര പരസ്യത്തിന് നിരക്ക് അനുവദിച്ചതിലെ അപാകതകൾ

പഞ്ചായത്തിൽ വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ പത്ര പരസ്യങ്ങൾക്ക് കോളം നിരക്കിലല്ല തുക ആവശ്യപ്പെട്ടിട്ടുള്ളത്. ജി.ഒ. (പി)17/15/ Iഐ&പി.ആർ.ഡി തിയതി.08-12-2015 ഉത്തരവ് പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് പരസ്യചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവ് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്രം , തിയ്യതി | അനുവദിച്ചതുക | ബിൽ/ചെക്ക് നമ്പർതിയ്യതി |
|---|---|---|---|
| 1 | മാതൃഭൂമി<br>09-02-2016 | 8 സെ.മീ.വീതിx4സെ.മീ. ഉയരം<br>=32x240 (നിരക്ക്) =7680രൂപ | 568842/<br>21-04-16<br>തനത് ഫണ്ട് |
| 2 | മാതൃഭൂമി<br>04-10-16 | 3.9സെ.മീ. വീതി x7സെ.മീ. ഉയരം<br>=27.3 x 213(നിരക്ക്)=5815 രൂപ | 581203/<br>30-11-16<br>തനത് ഫണ്ട് |
| 3 | മാതൃഭൂമി<br>08-10-2016 | 8 സെ.മീ. വീതി x 5സെ.മീ. ഉയരം=40 x 213(നിരക്ക്)=8520 രൂപ | 581203/<br>30-11-16<br>തനത് ഫണ്ട് |
| 4 | മാതൃഭൂമി<br>23-12-2016 | 8 സെ.മീ. വീതി x 3സെ.മീ. ഉയരം=24 x 260(നിരക്ക്)=6240 രൂപ | 581244/<br>10-01-17<br>തനത് ഫണ്ട് |
| 5 | മാതൃഭൂമി<br>11-12-16 | 8 സെ.മീ. വീതി x3സെ.മീ. ഉയരം<br>=24 x 213(നിരക്ക്)=5112 രൂപ | 581244/<br>10-01-17<br>തനത് ഫണ്ട് |

| | | | |
|---|---|---|---|
| 6 | ഇന്ത്യൻ എക്സ്പ്രസ് | 2850 | 568854/<br>29/04/16<br>തനത് ഫണ്ട് |
| 7 | ഇന്ത്യൻ എക്സ്പ്രസ് | 6000 | 581204<br>30/11/16<br>തനത് ഫണ്ട് |
| 8 | ചന്ദ്രിക | 3000 | 581205<br>30/11/16<br>തനത് ഫണ്ട് |
| 9 | വീക്ഷണം | 1560 | 02051550<br>15/03/17<br>തനത് ഫണ്ട് |
| 10 | ചന്ദ്രിക | 6000 | 02051552<br>15/03/17<br>തനത് ഫണ്ട് |
| 11 | ചന്ദ്രിക | 2400 | 02051571<br>31/03/17<br>തനത് ഫണ്ട് |
| ആകെ | | 55177 | |
| 15 % കിഴിവ് ലഭ്യമാക്കിയിരുന്നെങ്കിൽ അടവാക്കേണ്ടുയിരുന്നതുക | | 46900/- | |
| അധികം അടവാക്കിയത് | | 8277/- | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.അധികമായി അടവാക്കിയ 8277/- തടസ്സപ്പെടുത്തുന്നു.

## 3-14 സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

1) 2016-17 വർഷത്തിലെ വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ പരിശോധിച്ചപ്പോൾ ,താഴെ പറയുന്ന അപേക്ഷകർ മറ്റ് പെൻഷനും കൈപ്പറ്റുന്ന തായി കണ്ടെത്തി.

| ക്രമ നം | പേര് | ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി തീരുമാനം നം/പെൻഷൻ അനുവദിച്ച തിയതി | കൈപ്പറ്റുന്ന മറ്റുപെൻഷനുകൾ |
|---|---|---|---|
| 529/16-17 | അമ്മദ് കുട്ടി.എൻ | തീരുമാനം നം 2 തിയതി.20/10/16<br>01/10/2016 മുതൽ പെൻഷൻ | കർഷക പെൻഷൻ,പി.എഫ് |

| | | | |
|---|---|---|---|
| | | | പെൻഷൻ |
| 623/16-17 | രാമൻകുട്ടി | തീരുമാനംനം1(a)തിയതി.10/01/17 01/12/2016 മുതൽ പെൻഷൻ | കർഷക പെൻഷൻ |
| 612/16-17 | മഹദ്.എം | തീരുമാനംനം1(a)തിയതി.10/01/17 01/12/2016 മുതൽ പെൻഷൻ | കെട്ടിട നിർമാണ തൊഴിലാളി പെൻഷൻ |
| 550/16-17 | ചാത്തുക്കുട്ടി നായർ | തീരുമാനംനം1തിയതി.10/01/17 01/10/2016 മുതൽ പെൻഷൻ | കെട്ടിട നിർമാണ തോഴിലാളി പെൻഷൻ |

GO(MS) 282/16 തിയതി 15-07-16 പ്രകാരം ഒരാൾ ഒന്നിലധികം (വികലാംഗ പെൻഷൻ ഒഴികെ)സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റാൻ പാടുള്ളതല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അന്വേഷണോദ്യോഗസ്ഥർ മേൽ പറഞ്ഞ ആളുകളുടെ പെൻഷൻ കൈപ്പറ്റുന്നതിനുള്ള അർഹത പുനപ്പരിശോധിച്ച്, അനർഹരെങ്കിൽ കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കി വിവരം അറിയ്ക്കേണ്ടതാണ്.

## 3-15 ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കാതെ സൂക്ഷിക്കുന്നു.

വിവിധ പ്രോജക്ടുകൾക്കായി ടെണ്ടറുകൾ ക്ഷണിച്ചപ്പോൾ ഇഎംഡി ആയി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കാതെ ഇപ്പോഴും ഫയലിൽ സൂക്ഷിക്കുന്നു. വിശദ വിവരം താഴെ.

| ഡിഡി നം. തിയ്യതി/ ബാങ്ക് | തുക | റിമാർക്സ് |
|---|---|---|
| 461592/ 23.2.2017 SBI, അയ്യപ്പൻകാവ് | 3000 | സ്മാർട്ട് ക്ലാസ്റൂം പ്രോജക്ടിനായി ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ്, കൊച്ചി അടവാക്കിയ സെക്യൂരിറ്റി തുക (നിർവ്വഹണം ഹെഡ് മാസ്റ്റർ) |
| 870395/23.2.17 SBT കോഴിക്കോട് | 1500 | പാലിയേറ്റീവ് പ്രോജക്ടിലെ സർജ്ജിക്കൽ ഉപകരണ വിതരണത്തിനായി കാലിക്കറ്റ് സർജ്ജിക്കൽസ് അടവാക്കിയ തുക (നിർവ്വഹണം സെക്രട്ടറി) |
| 747812/24.3.17 സിൻഡിക്കേറ്റ് ബാങ്ക് | 7000 | യുപിഎസ് വാങ്ങൽ പ്രോജക്ടിനായി ബിസേർ സോലൂഷൻസ് അടവാക്കിയ സെക്യൂരിറ്റി തുക (നിർവ്വഹണം സെക്രട്ടറി) |

ഡിമാന്റ് ഡ്രാഫ്റ്റ് തുക വാലിഡിറ്റി സമയ പരിധിക്ക് മുൻപ് പണമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-16 അംഗീകൃത ഏജൻസിയിൽ നിന്ന് ബിറ്റുമിൻ വാങ്ങാതെ കരാറുകാരനിൽ നിന്നും വാങ്ങി.

ഗുണഭോക്തൃ കമ്മിറ്റികൾ നേരിട്ട് നടത്തിയ പ്രവൃത്തികളായ മൊടോങ്ങൽ മീത്തൽ കോളനി റോഡ് (പ്രൊജക്റ്റ് 32/16 ); ചീളപ്പുറത്ത് താഴം വില്ലേരിക്കുന്ന് റോഡ് ടാറിംഗ് (പ്രൊജക്റ്റ് 22/16 ) എന്നീ പ്രവൃത്തികൾക്കായി ആവശ്യമായ 10 ബാരൽ ബിറ്റുമിൻ കോൺട്രാക്ടറായ ശ്രീ സനൽ ബി (രജി. നം. 68 B/10-11) എന്നിവരിൽ നിന്നും ബാരലിന് 6800 രൂപ നിരക്കിൽ കൺവീനർമാർ വാങ്ങിയത്.

അംഗീകൃത ഏജൻസിയായ സിഡ്കോ, ബിറ്റുമിൻ നിർമ്മാതാക്കളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ , ബി പി, എച്ച് പി എന്നിവരിൽ നിന്ന് വാങ്ങാതെ കോൺട്രാക്ടറിൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഈ കരാറുകാരന് ബിറ്റുമിൻ വിൽക്കാനാവശ്യമായ അനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിൽ അവ ഹാജരാക്കേണ്ടതാണ്. കൂടാതെ, കരാറുകാരൻ നൽകിയ ബിറ്റുമിന്റെ ഗുണനിലവാരം ആരാണ് ഉറപ്പ് വരുത്തിയതെന്നും, അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കേണ്ടതാണ്.

## 3-17 ആശ്രയ – മുമ്പ് പിൻവലിച്ച പ്ലാൻ ഫണ്ട് ഉപയോഗിക്കാതെ ചലഞ്ച് ഫണ്ടിൽ കിടക്കുന്നു.

ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ (നം. 16444/ മാവൂർ സർവീസ് സഹകരണബാങ്ക്) 31.3.2017 ൽ നീക്കിയിരിപ്പായി 6,98,847 രൂപയുണ്ട്. ഇതിൽ ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച പണത്തിന്റെ നീക്കിയിരിപ്പ് 1,36,213 രൂപയും, മറ്റ് ഇനത്തിലുള്ള 5,62,634 രൂപയും ആണ്. എന്നാൽ , സരസ്വതി കരിമ്പനക്കുഴി (പട്ടികജാതി വിഭാഗം)എന്ന ആശ്രയ ഗുണഭോക്താവിന് 2012- 13 വർഷത്തിൽ വീട് നിർമ്മിക്കാൻ അനുവദിച്ച പ്ലാൻ ഫണ്ട് ഇനത്തിൽ പ്പെട്ട 200,000 രൂപയും (ഫണ്ട് ലഭിച്ച തിയ്യതി- 23.3.2013) ഇതിന്റെ ഇതുവരെയുള്ള പലിശയും കൂടി ഉൾപ്പെട്ടതാണ് 5,62,634 രൂപ. ഈ ഗുണഭോക്താവ് ഇതുവരെ വീട് നിർമ്മിക്കുകയോ, ഉപയോഗിക്കാത്ത പ്ലാൻ ഫണ്ട് സർക്കാരിലേക്ക് തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

പ്ലാൻ ഫണ്ട് പിൻവലിച്ചത് യഥാസമയം ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കാതിരിക്കുകയോ ചെയ്തിട്ടില്ല. ഈ തുക പലിശ സഹിതം സഞ്ചിത നിധിയിൽ അടവാക്കി വിവരം അറിയിക്കേണ്ടതും ഇതുവരെ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചതുമൂലമുണ്ടായ പലിശ ചാർജ് ഓഫീസറായ ജീവനക്കാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-18 ആശ്രയ പദ്ധതിയിലെ നിരാലംബരെ ഗ്രാമപഞ്ചായത്ത് പരിഗണിക്കുന്നില്ല.

ആശ്രയ രണ്ടാംഘട്ടം പ്രൊജക്റ്റ് 2013-14 വർഷത്തിലാണ് ആരംഭിച്ചത്. തുടക്കത്തിൽ 68 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ 60 ഗുണഭോക്താക്കളാണ് ഉള്ളത്. പ്രൊജക്റ്റ് പ്രകാരം നടപ്പാക്കാനുള്ളവ ഇവയാണ്.

| ക്രമ നം | ഇനം | കുടുംബങ്ങളുടെ എണ്ണം | വകയിരുത്തിയ തുക |
|---|---|---|---|
| 1 | ഭക്ഷണം | 68 | 775620 |
| 2 | ചികിത്സ | 65 | 593140 |
| 3 | വിദ്യാഭ്യാസം | 16 | 232500 |
| 4 | ഭൂമി ലഭ്യമാക്കാൻ | 6 | 900000 |
| 5 | ഭവന നിർമ്മാണം | 30 | 7500000 |

| | | | |
|---|---|---|---|
| 6 | കുടിവെള്ളം | 7 | 105000 |
| 7 | വീട് റിപ്പയർ | 2 | 35000 |
| 8 | വസ്ത്രം | 78 | 88500 |
| 9 | തൊഴിൽ നൽകൽ | 7 | 122500 |
| 10 | പ്രൊജക്റ്റ് ചെലവ് | | 15000 |
| | ആകെ | | 10367260 |

ഇതു പ്രകാരം 6 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാനും, 30 കുടുബങ്ങൾക്ക് വീട് ലഭ്യമാക്കുകയും വേണം. ഇത് 2015-16 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയും വേണം. എന്നാൽ ഇനിയും വീട് വെക്കാൻ സ്ഥലം വേണ്ടവർ 2 ഉം വീട് വേണ്ടവർ 9 കുടുംബങ്ങളും ഇനിയും അവശേഷിക്കുന്നു. 9 കുടുംബങ്ങളിൽ 3 പേർ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരും 6 പേർ പൊതുവിഭാഗത്തിൽ പ്പെട്ടവരുമാണ്.

നിലവിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണം മാത്രമാണ് നൽകുന്നത്. പ്രൊജക്റ്റിൽ പറഞ്ഞ മറ്റുകാര്യങ്ങൾ നിർവ്വഹിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ആശ്രയ ഗുണഭോക്താക്കൾക്ക് വീട് വെക്കാൻ സ്ഥലം, വീട് എന്നിവ നിർമ്മിച്ചതിന് ശേഷമേ മറ്റ് വിഭാഗങ്ങൾക്ക് ഈ ഇനങ്ങൾക്ക് ധനസഹായം ചെയ്യാൻ വ്യവസ്ഥയുള്ളൂ എന്നിരിക്കെ, ഇത് പൂർത്തീകരിക്കാതെയാണ് പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങൾക്കും വീടിനുള്ള ധനസഹായം നൽകിയത്. കൂടാതെ പട്ടികജാതി വിഭാഗങ്ങൾക്ക് നിരവധി സ്കീമുകൾ ഉണ്ടായിരിക്കെ ഇവയിലൂടെ വീടിന് ധനസഹായം ചെയ്യാൻ നടപടി സ്വീകരിക്കാത്തത് ശരിയായ നടപടിയല്ല. വീട് വെക്കാൻ സ്ഥലം ഇല്ലാത്തവർക്ക് എത്രയും വേഗം ലഭ്യമാക്കേണ്ടതും, 9 കുടുംബങ്ങൾക്ക് വീടിനുള്ള ധനസഹായം അടിയന്തിരമായി ലഭ്യമാക്കേണ്ടതും, മറ്റ് സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് ഇവർക്ക് ആനുകൂല്യങ്ങൾ നൽകി ഇവരുടെ ജീവിത സാഹചര്യം ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-19 മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി സബ്സിഡി നല്കി - ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചില്ല

പ്രോജക്ട് - എസ് സി വിദ്യാർത്ഥികൾക്ക് പ്രോഫഷണൽ കോഴ്സിന് പഠിക്കുന്നതിനുള്ള ധനസഹായം 65/17

നിർവ്വഹണം ഹെഡ് മാസ്റ്റർ, ജിഎംഎൽപി&യുപി സ്കൂൾ മാവൂർ

അടങ്കൽ 50000 വികസന ഫണ്ട്

ചെലവ് 50000 ബിൽ നം. 4/16-17 31.3.17

പ്രൊഫഷണൽ കോഴ്സിന് ചേർന്ന് പഠിക്കുന്ന എസ് സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 25000 രൂപ വീതം ധനസഹായം നല്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. മുൻഗണനാ മാനദണ്ഡങ്ങളനുസരിച്ച് മാർക്കുകൾ നല്കി വിവിധ വാർഡുകളിൽ നിന്നായി 29 കുട്ടികളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നല്കിയിട്ടുണ്ട്. ആയതിൽ നിന്നും ആനുകൂല്യം നല്കിയവരുടെ വിവരം താഴെ പറയുന്നു.

| ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | പേര് | വിദ്യഭ്യാസ സ്ഥാപനങ്ങൾ നല്കിയ സർട്ടിഫിക്കറ്റ് പ്രകാരം പഠിക്കുന്ന കോഴ്സ് | മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്ക്/ വാർഡ് |
|---|---|---|---|
| 7 | ദീപ പി.ടി | ഒന്നാം വർഷ എംഎസ്.സി കെമിസ്ട്രി<br>മലബാർ ക്രിസ്ത്യൻ കോളെജ് | 75/ 14 |

എന്നാൽ ലിസ്റ്റ് പ്രകാരമുള്ള 85 മാർക്ക് കിട്ടിയ 5 പേരെ ഒഴിവാക്കിയാണ് 75 മാർക്ക് കിട്ടിയ ഒന്നാം ഗുണഭോക്താവിന് ആനുകൂല്യം നൽകിയത്. 85 മാർക്ക് കിട്ടിയ 5 പേർ 75 മാർക്ക് കിട്ടിയ 4 പേർ(ഒന്നാം ഗുണഭോക്താവൊഴികെ) , 70 മാർക്ക് കിട്ടിയ ഒരാൾ, 65 മാർക്ക് കിട്ടിയ 7പേർ, 60 മാർക്ക് കിട്ടിയ 2 പേർ, 55 മാർക്ക് കിട്ടിയ 3 പേർ എന്നിവരെ ഒഴിവാക്കിയാണ് രണ്ടാം ഗുണഭോക്താവിന് ആനുകൂല്യം നൽകിയത്.ഇത്തരത്തിൽ അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കിയതിന് കാരണം രേഖപ്പെടുത്തുകയോ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ 11.1.16 ലെ ജിഒ(എംഎസ്)4/2016/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരവും അംഗീകരിച്ച പ്രോജക്ട് പ്രകാരവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കാണ് ആനുകൂല്യത്തിന് അർഹത. ആയതിനു വിരുദ്ധമായി പ്രൊഫഷണലല്ലാത്ത കോഴ്സിന് പഠിക്കുന്ന ഒന്നാം ഗുണഭോക്താവിന് ആനുകൂല്യം നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ലംഘിച്ചതിനാൽ അവശേഷിക്കുന്ന 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻഗണന മറികടന്നതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## **3-20** <u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - മതിയായ തുക വകയിരുത്തുന്നില്ല.</u>

പ്രൊജക്ട്- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പ്രൊജക്ട് നം. - 107/17

അടങ്കൽ- 7,00,000 രൂപ (വി.ഫ)

(ഗ്രാ. പ- 3,50,000; ജി പ- 1,75000; ബ്ലോ. പ- 1,75,000)

ചെലവ്- 3,50,000 രൂപ (ബിൽ നം. 110/17 തി. 16.3.2017)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 68 കുട്ടികൾക്കാണ് നൽകിയത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ 47 ആണ്. ഇവർക്ക് 6000 രൂപ വീതവും ഉം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് 3000 രൂപ വീതവും ആണ് പരമാവധി ധനസഹായമായി കുട്ടികൾക്ക് നൽകിയത്. സ.ഉ (എം എസ്) 4/2016 തസ്വഭവ 11.1.2016 പ്രകാരം ഒരു കുട്ടിക്ക് വിവധ ബത്തകളായി 20,000 രൂപ ഒരു വർഷം നൽകണം. എന്നാൽ ഇവിടെ പരമാവധി 6000 രൂപ മാത്രമാണ് നൽകിയത്. ജില്ലാ പഞ്ചായത്തിന്റെ വിഹിതം ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാർച്ച് അവസാനത്തിൽ 27.3.2017 ന് ഗ്രാമപഞ്ചായത്തിന് നൽകി. ഗ്രാമപഞ്ചായത്തിന് ഏത് ഇനത്തിലാണ് വിഹിതം എന്ന് വ്യക്തമായി പറയാത്തതിനാൽ അവർക്ക് ഈ വർഷം ചെലവഴിക്കാൻ കഴിഞ്ഞില്ല. അതിനാൽ ഈ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്നു.

പലവിധത്തിലുള്ള അവശതകൾ നേരിടുന്ന ഇവർക്ക് സർക്കാർ അനുവദിച്ച പരമാവധി സഹായം നൽകാതെ പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കി

അവശവിഭാഗങ്ങൾക്ക് പരമാവധി സഹായം നൽകേണ്ടതിൽ ഭരണസമിതിയുടേയും, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 03/2017 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 150000 |
| | 03/2017 | 300000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 300000 | 0 |
| | 03/17 | 400000 | അജൈവ മാലിന്യം ശേഖരിക്കൽ | 0 | 400000 |
| | 03/2017 | 700000 | സമഗ്ര മാലിന്യ സംസ്കരണം | 0 | 700000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉപയോഗ ശൂന്യമായ സ്ട്രീറ്റ് ടാപ്പ് ഡിസ്കണക്ട് ചെയ്യൽ | 21600733 തിയതി 27/10/2016 | 120000 | ഇല്ല | 120000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20240100/-രൂപ വരവുണ്ട്. മുൻബാക്കി 3349881രൂപയടക്കം

23589981 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി ലോൺ | 646/10 തിയതി. 25/02/2010 | 22500(തൻ വർഷം എടുത്തത്) | 3349881 | 1310408 | 0 | 2061973 |
| കെ.യു.ആർ.ഡി.എഫ്.സി(ഓഫീസ് കം ഷോപ്പിങ് കോംപ്ലക്സ്) | 2442/16 തിയതി 19/09/2014 | 20217600 | 0 | 0 | 337579 | 20217600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1678998 |
| തൻവർഷം നിക്ഷേപിച്ച തുക | 148162 |
| ആകെ | 1827160 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 45000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1782160 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി-20025/29-10-2016,കെ.ഡി.സി. ബാങ്ക് മാവൂർ | 1203436 |
| എഫ്.ഡി-20028/02-12-2016,കെ.ഡി.സി. ബാങ്ക് മാവൂർ | 78724 |
| ടി.എഫ്.ഡി-799010500018985/01-11-2016 സബ് ട്രഷറി പുതിയറ | 500000 |
| ആകെ | 1782160 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28530/രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 2-2 | 1000 | ഉണ്ണികൃഷ്ണൻ നമ്പൂതിരി | 11805105192/13-02-2017 |
| 12-13,14-15 | 2-5 | 960 | മുഹമ്മദ് ആയോത്ത് | 11605101276/03-06-16 |
| 12-13,14-15 | 2-5 | 1920 | സുരേഷ് കുമാർ എടക്കണ്ടി | 11605101341/07-06-16 |
| 12-13,14-15 | 2-5 | 4290 | പ്രിൻസിപൽ,സെന്റ് മേരീസ് സ്കൂൾ | 11605101418/09-06-16 |
| 12-13,14-15 | 2-5 | 2880 | അഷറഫ് മേലേ ചാത്തൻ കുഴിയിൽ | 11605101490/13-06-17 |
| 12-13,14-15 | 2-5 | 960 | രഘുനാഥ്,മേലേ കാളാംവീട്ടിൽ | 11605101522/14-06-16 |
| 12-13,14-15 | 2-5 | 3360 | അബ്ദുൽ അസീസ്, കാഞ്ഞിരത്തോടി | 11605101631/18-06-16 |
| 12-13,14-15 | 2-5 | 2880 | അബ്ദുൽ കരീം ,എം.എ.എച്ച് സിമെന്റ് | 11605101713/22-06-16 |
| 12-13,14-15 | 2-5 | 1440 | പ്രബില. സി.കെട്ടിൽ | 11605101905/02-07-16 |
| 12-13,14-15 | 2-5 | 1440 | സനിൽ കെ.വി. നിഷ കാരപ്പറമ്പ | 1160510226/26-07-16 |
| 14-15 | 2-2 | 7400 | സർവീസ് കോ-ഓപറേറ്റീവ് ബാങ്ക്- മാവൂർ | 1160510028/8-12-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 40 | 2003-04 | 3-11(പൊതു പരാമർശം) 1(12) | ക്ഷീരോൽപന്ന നിർമ്മാണ യൂനിറ്റ് പ്രവൃത്തിക്കുന്നില്ല. |
| 1999-00 | 27 | 2003-04 | -ടി- | നികുതി കാലഹരണപ്പെട്ടു. |
| 1999-00 | --- | 2003-04 | 3-11(മറ്റു | കക്കൂസ് നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | പരാമർ<br>ശങ്ങൾ) | അപാകതകൾ |
| | | | | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്-അധികം തുക നല്കിയത്. |
| | | | | വിഭവ ഭൂപടം-അപാകത |
| | | | | ഊർക്കടവ് ജലസേചനപദ്ധതി<br>പൂർത്തിയാക്കാത്തത്. |
| 2001-02 | 3-3 | 2005-06 | 2.70.7(2) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. |
| 2001-02 | 3-1 | 2005-06 | 2.70.9(4) | പെൻഷൻ -ചട്ടങ്ങൾ പാലിക്കുന്നില്ല. |
| 2001-02 | 2-4 | 2005-06 | 2.70.10(2) | വെള്ളക്കരം സംബന്ധിച്ച അപാകത. |
| 2001-02 | 3-6 | 2005-06 | 2.70.12(1) | ഗ്രാമസഭ- യോഗം ചേരുന്നതിൽ കാലതാമസം. |
| 2001-02 | 2-1 | 2005-06 | 2.70.13(2) | നികുതി കാലഹരണപ്പെട്ടു |
| 2001-02 | -- | 2005-06 | 2.70.14(7) | നികുതി പിരിവിൽ അലംഭാവം. |
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹരണപ്പെട്ടു |
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. |
| 2002-03 | 2-4, 2-5, 2-6,2-7(a,b,c), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. |
| പ്രവർത്തനാവലോകനം<br>ജല സ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | -- | 2013-14 | 5.1.5(4) | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല |
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാ പഠനം നടത്താതെ കുടിവെള്ള പദ്ധതി ആരംഭിക്കുന്നു. |
| | | | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയി ട്ടും ഗ്രാൻറുകളിൽ നിന്നും തുക കുറവുചെയ്യുന്നു. |

## **4-8** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75490440.81 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69944056 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 664339 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2763527 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 647500 | എം.എ റഷീദ്,സെക്രട്ടറി |
| 3-4 | | 5832 | ഡോ. ടെസ്സിമെറിൻ, മെഡിക്കൽ ഓഫീസർ(ആയു) |
| 3-5 | | 4766 | എം.എ റഷീദ്,സെക്രട്ടറി |
| 3-6 | | 6241 | അനീഷ്.എസ്. അസി .എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 400000 | എം.എ റഷീദ്,സെക്രട്ടറി |
| 3-7 | 150000 | ഡോ.ആനി.ടി.എ, മെഡി ഓഫീസർ(ഹോമിയോ) |
| 3-8 | 400000 | റുമൈസ.പി.എം,ഡയറി ഫം ഇൻസ്ട്രക്ടർ |
| 3-9 | 850000 | മുരളീധരൻ. ഇ, അ.സെ |
| 3-9 | 200000 | ഡോ. മിഥുല റോയ്, വെറ്റ്. സർജൻ |
| 3-9 | 120000 | എം.എ റഷീദ്,സെക്രട്ടറി |
| 3-10 | 256250 | ഡോ. മിഥുല റോയ്, വെറ്റ്. സർജൻ |
| 3-11 | 4000 | മുരളീധരൻ. ഇ, അ.സെ |
| 3-12 | 200000 | അനീഷ്.എസ്. അസി .എഞ്ചിനീയർ |
| 3-13 | 8277 | എം.എ റഷീദ്,സെക്രട്ടറി |
| 3-20 | 25000 | എം.മധു, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എ റഷീദ്,സെക്രട്ടറി | സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | ചെറിയേങ്ങൽ വീട്,എളേറ്റിൽ(പോസ്റ്റ്),കൊടുവള്ളി 673572 |
| ഡോ. ടെസ്സിമെറിൻ, മെഡുക്കൽ ഓഫീസർ(ആയുർവ്വേദം) | മെഡുക്കൽ ഓഫീസർ(ആയു), മാവൂർ ഗ്രാമപഞ്ചായത്ത് | എഫ് 4-72 സി.എച്ച് കോളനി, മേരിക്കുന്ന്. പി .ഒ, കോഴിക്കോട് 12 |
| അനീഷ്.എസ്. അസി എഞ്ചിനീയർ | അസി.എഞ്ചിനീയർ,മാവൂർ ഗ്രാമപഞ്ചായത്ത് | ശ്രേയസ്.പള്ളിപ്പുറത്ത് താഴം, ചേവരമ്പലം, കോഴിക്കോട് 17 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | പി.3-1706(1)/13 തീയ്യതി:10.11.2011 | 1 |
| 1999-00 | പി.3-1706(2)/13 തീയ്യതി:10.11.2011 | 5 |
| 2000-01 | പി.3-1706(3)/13 തീയ്യതി:10.11.2011 | 2 |
| 2001-02 | പി.3-806/14(1)/14 തീയ്യതി:12.11.2014 | 6 |
| 2002-03 | പി.3-806/14(2)/14 തീയ്യതി:12.11.2014 | 13 |
| 2003-04 | പി.3-806/14(3)/14 തീയ്യതി:12.11.2014 | 3 |
| 2004-05 | പി.3-806/14(4)/14 തീയ്യതി:12.11.2014 | 5 |
| 2006-07 | പി.3-1733/11(10) തീയ്യതി : 10.11.2011 | 16 |
| 2007-08 | പി.3-1733/11(11) തീയ്യതി : 10.11.2011 | 10 |
| 2008-09 | പി.3-1733/11(12) തീയ്യതി : 10.11.2011 | 32 |
| 2009-10 &2010-11 | പി.3-988/13 തീയ്യതി : 13.11.2013 | 14 |
| 2011-12 | പി.3-1225/14 തീയ്യതി : 09.10.2014 | 19 |

| | | |
|---|---|---|
| 2013-14 & 2014-15 | പി.3-1243/15 തീയ്യതി : 17.10.2015 | 31 |
| 2015-16 | പി.3- 71/2017 തിയതി: 30-01-2017 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.കെ.ഡി/പി.3/1371/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി – 04.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാവൂർ ഗ്രമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

No. KSA/KKD/P-3/1371/2017

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 04.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mavoor grama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Mavoor grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
District Audit Office, Kozhikode.